## പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4835 27.06.2014-ൽ മറുപടിക്ക്.

### ത്രിതല പഞ്ചായത്തുകളിലെ പഞ്ചവത്സര പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. സി.പി.മുഹമ്മദ് | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ത്രിതല പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ഒമ്പതാം പഞ്ചവൽസര പദ്ധതി മുതൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പഞ്ചവൽസര പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ത്രിതല പഞ്ചായത്തുകൾ പഞ്ചവൽസര പദ്ധതിയും 5 വർഷത്തേയ്ക്കുള്ള പദ്ധതിയ്ക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും ഉൾക്കൊള്ളിച്ച് വികസനരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ദീർഘ വികസന കാഴ്ചപ്പാടോടെ തയ്യാറാക്കുന്ന പഞ്ചവൽസര പദ്ധതിയെ അടിസ്ഥാനമാക്കി ഓരോ വർഷവും പ്രത്യേക വാർഷിക പദ്ധതി തയ്യാറാക്കുന്നതിനാണ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. 12-ാം പഞ്ചവൽസര പദ്ധതിയുടെ സമഗ്ര വികസന കാഴ്ചപ്പാടിലൂന്നി കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവർ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച് അവയിൽ സംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും കഴിയുന്നവ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതും അവയിൽ പരിഗണിക്കപ്പെടാത്ത പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതും ലക്ഷ്യമിടുന്നു. ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയുമാണ് മുഖ്യലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം പഞ്ചായത്തുകളിലെ പദ്ധതി രൂപീകരണത്തിലേയും നടത്തിപ്പിലേയും കാലതാമസം എത്രമാത്രം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | മുൻ വർഷങ്ങളിലേതിൽ നിന്നും വ്യത്യസ്തമായി 2013-14-ൽ ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി അംഗീകാര നിർവ്വഹണ നടപടികൾ വേഗത്തിലായിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ പദ്ധതി തുക ചെലവഴിക്കുന്നത് ഒഴിവാക്കുന്നതിനായി ഓരോ വാർഷിക പദ്ധതിയും ആരംഭിക്കുന്ന മാസത്തിൽ തന്നെ പദ്ധതികൾ നിർവ്വഹിക്കാൻ സാധിക്കും വിധം പദ്ധതികൾ നേരത്തെ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം വാങ്ങി തദ്ദേശ സ്ഥാപനങ്ങൾ തയ്യാറെടുക്കുന്നു. പദ്ധതി രൂപീകരണവും അംഗീകാരവും സുലേഖ സോഫ്റ്റ്‌വെയറിൽ കൂടിയാക്കിയതിനാൽ വളരെ പെട്ടന്ന് പദ്ധതി രൂപീകരണവും അംഗീകാര നടപടികളും നടത്താൻ സാധിച്ചിട്ടുണ്ട്. പഞ്ചവൽസര പദ്ധതികളും വാർഷിക പദ്ധതികളുടെ സംഗ്രഹവും തയ്യാറാക്കുന്നതുകൊണ്ട് പ്രോജക്ടുകൾ എളുപ്പത്തിൽ തയ്യാറാക്കി സമയപരിധിക്കുള്ളിൽ അംഗീകാരം നേടാൻ സാധിക്കുന്നതിനാൽ പദ്ധതി നിർവ്വഹണത്തിന് കൂടുതൽ സമയം ലഭിക്കുന്നുണ്ട്. |
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | തദ്ദേശ സ്ഥാപനങ്ങളിലെ 12-ാം പഞ്ചവൽസര പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 16.11.2013-ലെ സ.ഉ. (എംഎസ്) നം.362/2013/തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതിനായി കിലയുടെ നേതൃത്വത്തിൽ ആവശ്യമായ പരിശീലനങ്ങൾ സമയബന്ധിതമായി നൽകുകയും, ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) മുഖേന ആവശ്യമായ സോഫ്റ്റ്‌വെയറുകളും ഓൺലൈൻ സംവിധാനങ്ങളും വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ